വ്യവസ്ഥാപിത ഇടതുപക്ഷത്തിൽ
പ്രതീക്ഷ നഷ്ടപ്പെട്ട എൺപതുകളിൽ
ശങ്കർ ഗുഹാ നിയോഗിയുടെ പ്രസ്ഥാനം
മുന്നോട്ടുവച്ച പ്രതീക്ഷകൾ ജീവിതത്തെ
മാറ്റിമറിച്ചതെങ്ങനെയെന്ന് വിശദീകരിക്കുന്നു
പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ
**ആനന്ദ് പട്വർധൻ**

# പ്രതീക്ഷകളുടെ 'ലാൽഹാര'

**1986**ൽ ആണ് ഞാൻ ആദ്യമായി ഡോ. ബിനായക് സെന്നിനെ കാണുന്നത്. ചത്തീസ്ഗഡ് മുക്തി മോർച്ചയുടെ (സി.എം.എം) സമുന്നതനായ നേതാവ് ശങ്കർഗുഹാ നിയോഗിയുടെ ക്ഷണപ്രകാരം ബോംബെ ഔവർ സിറ്റി എന്ന എന്റെ ഡോക്യുമെന്ററി ചത്തീസ്ഗഡിലെ ഖനി തൊഴിലാളികൾക്ക് വേണ്ടി പ്രദർശിപ്പിക്കാൻ എത്തിയ സന്ദർഭത്തിലായിരുന്നു ആ കൂടിക്കാഴ്ച.

സാധാരണ ട്രേഡ് യൂണിയൻ നേതാവിന്റെ വ്യക്തിത്വമായിരുന്നില്ല ശങ്കർഗുഹാ നിയോഗിയുടേത്. ഭിലായ് ഉരുക്ക് നിർമ്മാണ ശാലയിലെ തൊഴിലാളിയായിരുന്ന അദ്ദേഹത്തിന്റെ ചിന്തകൾ വേതന വർദ്ധനവിനായുള്ള രാഷ്ട്രീയ -തൊഴിലാളി പ്രസ്ഥാനങ്ങളുടെ പരമ്പരാഗത മുദ്രാവാക്യങ്ങളേക്കാൾ ഏറെ മുന്നിലായിരുന്നു. സി.എം.എമ്മിലെ അംഗങ്ങളായിരുന്ന തൊഴിലാളികൾ സുരക്ഷിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളിൽ ചെറിയ വേതനത്തിൽ തൊഴിലെടുക്കുന്നവരായിരുന്നെങ്കിലും അവർ പ്രസരിപ്പിച്ച ഊർജ്ജവും ശുഭാപ്തി വിശ്വാസവും അസാമാന്യമായിരുന്നു. സംഘടനാപ്രവർത്തനത്തിൽ അവർ കാത്തുസൂക്ഷിച്ച ജനാധിപത്യവും വൈകുന്നേരങ്ങളിൽ ഒത്തുചേർന്നിരുന്ന് ദാർശനികവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്ന രീതിയും എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. എത്ര ക്രിയാത്മകമായിരുന്നു അവരുടെ ചിന്തകൾ. ഏറെയും ആദിവാസികളായ തൊഴിലാളികൾ ആയിരുന്നതുകൊണ്ടുതന്നെ ആദിവാസി പോരാട്ട ചരിത്രങ്ങളിൽ നിന്നായിരുന്നു സി.എം.എം പ്രവർത്തനോർജ്ജം കണ്ടെത്തിയിരുന്നത്. ധനികരുടെ നിലവറകൾ പിടിച്ചെടുത്ത് പാവങ്ങൾക്ക് വിതരണം ചെയ്ത കുറ്റത്തിന് ബ്രിട്ടീഷുകാർ 1857ൽ തൂക്കിലേറ്റിയ ആദിവാസി നേതാവ് ഷഹീദ് വീർനാരായൺ സിംഗ് ആയിരുന്നു അവരുടെ വീരപുരുഷൻ.

നിയോഗിയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായാണ് ബിനായക് സെൻ 1981ൽ ചത്തീസ്ഗഡിലെ ഖനി തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കാനെത്തുന്നത്. അവർ ഇരുവരും ചേർന്നാണ് ഖനി തൊഴിലാളികളുടെ സഹകരണത്തിലും മേൽനോട്ടത്തിലും ഷഹീദ് ഹോസ്പിറ്റൽ എന്ന മാതൃകാ സ്ഥാപനം കെട്ടിപ്പടുത്തത്. 80കളുടെ പകുതിയോടെ 50 കിടക്കകളും സ്വന്തം ഓപ്പറേഷൻ തീയേറ്ററുമായി ഷഹീദ് ഹോസ്പിറ്റൽ വളർന്നു. പ്രവർത്തനത്തിൽ സ്നേഹവും പരിചരണവും അഭിമാനവും കാത്തുസൂക്ഷിച്ചുകൊണ്ട് ആരോഗ്യമേഖലയിലെ ഒരു വേറിട്ട സ്ഥാപനമായി ഷഹീദ്

ഹോസ്പിറ്റൽ മാറി. ഭിഷഗ്വരന്മാർക്കും തൊഴിലാളികൾക്കും അവർ അന്യോന്യം സാന്ത്വനമായി മാറി.

നിയോഗിയുടെയും കൂട്ടരുടെയും തൊഴിലാളി വിപ്ലവം കാറൽ മാർക്സിൽ നിന്നും ഏംഗൽസിൽ നിന്നും മാത്രമല്ല, ഗാന്ധിയിൽ നിന്നുകൂടി ആശയങ്ങൾ കടംകൊണ്ടിരുന്നു. വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ പരാജയത്തെയും ലോകത്തെമ്പാടും സ്വീകരിക്കപ്പെടുന്ന വരേണ്യവികസന മാതൃകകൾ പരിസ്ഥിതിക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങളെയും ഒരുപോലെ ഉയർത്തിക്കാട്ടാൻ ആ പ്രസ്ഥാനത്തിന് കഴിഞ്ഞു. വ്യവസ്ഥാപിത ഇടതുപക്ഷത്തിലും നക്സൽ പ്രസ്ഥാനത്തിലും പ്രതീക്ഷ നഷ്ടപ്പെട്ട ഇന്ത്യ ഒരു ബദൽ മാതൃക തിരയുന്ന കാലമായിരുന്നു 80കളുടെ ആദ്യപകുതി. ഛത്തീസ്ഗഢിൽ നിയോഗിയുടെ സി.എം.എമ്മും മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിൽ മേധാപട്കർ നേതൃത്വം നൽകിയ നർമ്മദാ ബചാവോ ആന്ദോളനും ആ ദിശയിലുള്ള അന്വേഷണങ്ങൾക്ക് ഊർജ്ജം പകർന്നു. സായുധമായ മാർഗ്ഗങ്ങളൊന്നുമില്ലാതെ, അടിസ്ഥാന തലത്തിലെ ജനകീയ കൂട്ടായ്മകൾ എന്ന ആയുധം ഉപയോഗിച്ച് ഹരിത ഇടതുപക്ഷമെന്ന പുതിയ രാഷ്ട്രീയ ദർശനം അവർ പ്രചരിപ്പിച്ചു. ഭാവി പ്രതീക്ഷകൾ പലരും ഈ ലാൽഹാര (ചുവപ്പ്-പച്ച)യിൽ അർപ്പിച്ചു.

ബോംബെയിലെ ചേരിനിവാസികളുടെ ജീവിതം പറയുന്ന ബോംബെ ഔവർ സിറ്റി എന്ന സിനിമയ്ക്ക് വലിയ സ്വീകരണമാണ് അവിടെ നടന്ന പ്രദർശനത്തിൽ ലഭിച്ചത്. പരിമിതമായ സാമ്പത്തികശേഷിയെ അവഗണിച്ച് 10,000 രൂപയുടെ ഒരു 16 എം.എം പ്രൊജക്ടർ സിനിമാ പ്രദർശനത്തിനായി തൊഴിലാളികൾ വാങ്ങി. തൊഴിലാളികളുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന് ഊന്നൽ നൽകുക എന്ന സി.എംഎമ്മിന്റെ ലക്ഷ്യത്തിന് മറ്റൊരുദാഹരണമായിരുന്നു ആ സംഭവം. തുറന്ന വേദിയിൽ നടത്തിയ ആ പ്രദർശനത്തിൽ ആയിരത്തോളം തൊഴിലാളികൾ പങ്കെടുത്തു. തുടർന്ന് വൈകുന്നേരം തുടങ്ങിവച്ച സംവാദം രാത്രി ഏറെ വൈകിയും നീണ്ടു. അവർ സിനിമയുടെ ഒരു പ്രിന്റ് എന്റെ കൈയിൽ നിന്നും വാങ്ങുകയും ഞാനില്ലാതെയും സ്ക്രീനിംഗ് തുടരുന്നതിന് തീ



'ബോംബെ ഔവർ സിറ്റി'യിൽ നിന്നും

രുമാനിക്കുകയും ചെയ്തു. മടങ്ങിയെത്താമെന്ന് പറഞ്ഞാണ് പിരിഞ്ഞതെങ്കിലും വാക്കുപാലിക്കാൻ കഴിയാതെ പോയതിൽ എനിക്ക് സങ്കടമുണ്ട്.

ചരിത്രം ഞങ്ങളുടെ വഴികളെ മാറ്റി വരച്ചു. ഞാനടക്കം തൊഴിലാളി പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന പലർക്കും ബാബറി മസ്ജിദ് തകർത്ത മതമൗലികവാദം നാട്ടിലെങ്ങും ആളിപ്പടർത്തിയ വിദ്വേഷത്തിന്റെ മുറിവുകൾ ഉണക്കുന്നതിനായി ഇറങ്ങിപ്പുറപ്പെടേണ്ടിവന്നു. നിയോഗിയും ആ വിദ്വേഷത്തിന്റെ ഒരു തുടർച്ചയായാണ് കൊല്ലപ്പെട്ടത് എന്നുപറയാം. ഛത്തീസ്ഗഢിൽ അധികാരം കയ്യാളാനുള്ള ബി.ജെ.പിയുടെ തന്ത്രങ്ങൾ, മതചിന്തകൾക്ക് അതീതമായി നിയോഗിയുടെ പ്രസ്ഥാനം മുന്നോട്ടുവച്ച അധഃസ്ഥിത വർഗ്ഗത്തിന്റെ ആഗോളതലത്തിലുള്ള ഐക്യപ്പെടൽ എന്ന ആശയത്തെ നിഷ്കാസിതമാക്കി.

അതിലും ശക്തരായ എതിരാളികൾ നിയോഗിക്കും യൂണിയനുമുണ്ടായിരുന്നു. ആൽക്കഹോളിസത്തെ യൂണിയൻ ശക്തമായി എതിർത്തിരുന്നു. മദ്യപരിൽ നിന്നും ചെറിയ പിഴ ഈടാക്കി ആ തുക അവരുടെ ഭാര്യമാരെ ഏൽപ്പിക്കുന്ന രീതി അവർ നടപ്പിലാക്കിയിരുന്നു. ഈ പ്രവർത്തനങ്ങൾ കാരണം മദ്യത്തിന്റെ ഉപഭോഗത്തിൽ വന്ന കുറവ് മദ്യമാഫിയയെ വല്ലാതെ പ്രകോപിതരാക്കി. തൊഴിൽ ചൂഷണത്തിലൂടെ തടിച്ചുകൊഴുത്ത തൊഴിൽ കോൺട്രാക്ടർമാരും ശക്തമായ തൊഴിലാളി പ്രസ്ഥാനത്തെ ഭയപ്പെട്ടിരുന്ന വ്യവസായ-രാഷ്ട്രീയ ഗൂഢസംഘവുമായിരുന്നു നിയോഗിയുടെ പ്രസ്ഥാനത്തിന്റെ മറ്റ് പ്രധാന എതിരാളികൾ.

1991 സെപ്തംബർ 27 രാത്രിയിൽ വീട്ടിൽ ഉറങ്ങിക്കിടന്ന അദ്ദേഹത്തെ വെടിവച്ച് കൊല്ലുകയായിരുന്നു. കൊലപാതകത്തിന് പിന്നിൽ ആരെന്ന് എല്ലാവർക്കും തിരിച്ചറിയാമായിരുന്നിട്ടും അവർ പിടിക്കപ്പെട്ടില്ല. അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോർട്ട് കുറ്റവാളികളായ ആറുപേരിൽ ഒരാൾക്ക് വധശിക്ഷ വിധിക്കുകയും (നിറയൊഴിച്ചയാൾ) മറ്റ് അഞ്ച് പേരെ ജീവപര്യന്തം തടവിന് ശിക്ഷിക്കുകയും ചെയ്തു. കൊലപാതകം ആസൂത്രണം ചെയ്തതിനും അതിന് പണം മുടക്കിയതിനും ശിക്ഷിക്കപ്പെട്ട അക്കൂട്ടത്തിലെ രണ്ടുപേർ ബിജെപിയോട് വളരെ അടുപ്പമുള്ള വ്യവസായികളായിരുന്നു. ബിജെപി അധികാരത്തിലെത്തിയ ശേഷം മധ്യപ്രദേശ് ഹൈക്കോടതി തെളിവുകളുടെ അഭാവത്താൽ അവരെ വെറുതെവിട്ടു.

നേതൃത്വം നഷ്ടപ്പെട്ട സി.എം.എം ജനക്‌ലാൽ താക്കൂറിന്റെയും നിയോഗിയുടെ മറ്റ് സഹപ്രവർത്തകരുടെയും പിന്തുണയോടെ സധൈര്യം പൊരുതി. ബിനായക് സെന്നും അദ്ദേഹത്തിന്റെ ഭാര്യ ഇലീനയും തുടർന്നും അവിടെത്തന്നെ താമസിച്ച് സി.എം.എമ്മിന്റെ പ്രവർത്തനങ്ങളിലും ആരോഗ്യപ്രവർത്തനങ്ങളിലും മുഴുകി.

നിയോഗിയുടെ കൊലപാതകവും ഉദാരവത്കരണ നയങ്ങളും ആദിവാസികളുടെയും തൊഴിലാളികളുടെയും പ്രതിരോധങ്ങളെ ദുർബലമാക്കി. ആ വിടവിലേക്കാണ് നക്സൽ പ്രസ്ഥാനം കടന്നുകയറിയത്. അതിനെ പ്രതിരോധിക്കാനായാണ് കുപ്രസിദ്ധമായ സാൽവാജുദൂം ഭരണകൂടത്തിന്റെ ഒത്താശയോടെ സായുധധാരികളെ അണിനിരത്തുന്നത്. നൽകസൽ ശക്തികേന്ദ്രങ്ങളിൽ ഒരു പാരാമിലിട്ടറി ശക്തിയായി സാൽവാജുദൂം മാറി. സാൽവാജുദൂമും ഭരണകൂടവും നക്സൽ കേന്ദ്രങ്ങളിൽ നടത്തിയ നരവേട്ടയുടെ വിവരങ്ങൾ പി.യു.സിഎൽ ജനറൽ സെക്രട്ടറി എന്ന നിലയിൽ ബിനായക് സെൻ ശേഖരിച്ചു. ഭരണകൂടം അദ്ദേഹത്തോട് പ്രതികാരം ചെയ്തു. റായ്പൂർ ജയിലിൽ ഒരു മാവോയിസ്റ്റ് നേതാവിനെ സന്ദർശിച്ചു എന്ന പേരിൽ അവർ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു.

*(കടപ്പാട്: www.patwardhan.com)*